**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 26/07/2021
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-EXC26/2021/EXCISE**

വിഷയം: അബ്കാരി - എക്സൈസ് ഉദ്യോഗസ്ഥർ സെർച്ചോ പരിശോധനയോ നടത്തുമ്പോൾ പ്രസ്തുത സ്ഥലത്ത് കുട്ടികളുടെ സാന്നിദ്ധ്യമുണ്ടെങ്കിൽ പാലിക്കേണ്ട വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

സൂചന: ബഹുമാനപ്പെട്ട സംസ്ഥാന ബാലാവകാശ കമ്മിഷന്റെ 7351/12/C2/2020/KeSCPCR നമ്പർ കേസിലെ 09.06.2021 തീയതിയിലെ ഉത്തരവ്.

അന്വേഷണ ഏജൻസികൾ തങ്ങളിൽ നിയുക്തമായ അധികാരങ്ങൾ ഉപയോഗിച്ച് ഏതെങ്കിലും സെർച്ചോ പരിശോധനയോ ഏതെങ്കിലും വീടുകളിലോ സ്ഥലങ്ങളിലോ നടത്തുമ്പോൾ പ്രസ്തുത സ്ഥലത്ത് കുട്ടികളുടെ സാന്നിദ്ധ്യമുണ്ടെങ്കിൽ പാലിക്കേണ്ട വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുവാൻ മേൽ സൂചന പ്രകാരം ബഹുമാനപ്പെട്ട സംസ്ഥാന ബാലാവകാശ കമ്മിഷൻ ഉത്തരവ് നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ എക്സൈസ് ഉദ്യോഗസ്ഥർ സെർച്ചോ പരിശോധനയോ നടത്തുമ്പോൾ പ്രസ്തുത സ്ഥലത്ത് കുട്ടികളുടെ സാന്നിദ്ധ്യമുണ്ടെങ്കിൽ ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. കുട്ടികളുടെ സാന്നിദ്ധ്യമുള്ള വീടുകളിലോ മറ്റേതെങ്കിലും സ്ഥാപനങ്ങളിലോ സെർച്ചോ പരിശോധനയോ നടത്തുമ്പോൾ ആയതുകാരണം കുട്ടികളുടെ അടിസ്ഥാനപരമായ യാതൊരു ബാലാവകാശങ്ങളും ലംഘിക്കപ്പെടാൻ പാടില്ലാത്തതും ഇക്കാര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്.

2. കുട്ടികൾ മാത്രമുള്ള സ്ഥലത്ത് പരിശോധന നടത്തുമ്പോൾ കുട്ടികളുടെ രക്ഷിതാക്കളുടെയോ, കുട്ടികൾക്ക് അടുപ്പമുള്ള മറ്റ് മുതിർന്ന വ്യക്തികളുടെയോ സാന്നിദ്ധ്യം ഉറപ്പാക്കാൻ ഉദ്യോഗസ്ഥർ പരമാവധി ശ്രദ്ധിക്കേണ്ടതാണ്.

3. കുട്ടികൾക്ക് ഭയമോ മറ്റോ ഉണ്ടാകുന്ന തരത്തിലുള്ള സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതും ഉദ്യോഗസ്ഥർ കുട്ടികളോട് ശിശു സൗഹാർദ്ദപരമായി പെരുമാറേണ്ടതുമാണ്.

4. കുട്ടികൾ ഉള്ള വീടുകളിലോ മറ്റോ ആണ് സർച്ചോ പരിശോധനയോ നടത്തുന്നതെങ്കിൽ വനിതാ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പാക്കേണ്ടതാണ്.

5. ദീർഘനേരമുള്ള പരിശോധനയും സെർച്ചും നടത്തേണ്ടിവന്നാൽ കുട്ടികൾക്ക് ഭക്ഷണവും മറ്റും ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

6. കുട്ടികളുടെ പഠന സാമഗ്രികളടക്കമുള്ള വസ്തുക്കൾ അന്വേഷണത്തിന് അനിവാര്യമായ സാഹചര്യങ്ങളിലൊഴികെ ഉദ്യോഗസ്ഥർ കസ്റ്റഡിയിലെടുക്കാൻ പാടില്ലാത്തതാണ്.

7. സെർച്ചോ പരിശോധനയോ കാരണം കുട്ടികളുടെ പഠനത്തെ തടസ്സപ്പെടുത്താൻ പാടില്ലാത്തതാണ്.

8. രക്ഷിതാക്കളെ നിയമാനുസരണം കസ്റ്റഡിയിലെടുക്കേണ്ട സാഹചര്യം ഉണ്ടായാൽ കുട്ടികളുടെ തൊട്ടടുത്ത ബന്ധുക്കളെയോ കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കാൻ തയ്യാറുള്ള നിയമാനുസൃത വ്യക്തികളെയോ വിവരം അറിയിക്കേണ്ടതും അപ്രകാരം കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കാൻ മറ്റാരും ഇല്ലാത്ത സാഹചര്യത്തിൽ ജില്ലാ ചൈൽഡ് വെൽഫയർ കമ്മിറ്റിയെ വിവരമറിയിക്കേണ്ടതും, കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം പ്രവർത്തിക്കേണ്ടതുമാണ്

9. മൊഴിയെടുക്കേണ്ടതുള്ള ആവശ്യത്തിനായി കുട്ടികളെ എക്സൈസ് ഓഫീസിൽ വിളിച്ചു വരുത്താൻ പാടില്ലാത്തതും കുട്ടികളുടെ മൊഴി അവർ താമസിക്കുന്ന സ്ഥലത്തുവെച്ചുതന്നെ രേഖപ്പെടുത്തേണ്ടതുമാണ്.

10. കുട്ടികളുടെ രക്ഷിതാക്കളെ അറസ്റ്റ് ചെയ്യുമ്പോൾ 6 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെ കൂടെ കൊണ്ടു പോകാൻ കുട്ടികളുടെ അമ്മ തയ്യാറായാൽ കുട്ടിയെ അവർക്കൊപ്പം നിർത്തേണ്ടതും, 6 വയസ്സിന് താഴെ പ്രായമുള്ള കുട്ടിയെ അമ്മ തനിക്കൊപ്പം നിർത്താൻ ആവശ്യപ്പെടുന്ന പക്ഷം കുട്ടിയെ അമ്മയിൽ നിന്നും യാതൊരുകാരണവശാലും വേർപ്പെടുത്താൻ പാടില്ലാത്തതുമാണ്.

11. 6 വയസ്സിൽ താഴെയുള്ള കുട്ടികളെ അവരുടെ അമ്മമാർ കൂടെ നിർത്താൻ തയ്യാറായില്ലെങ്കിൽ മാത്രമേ മറ്റു നിയമാനുസൃത രക്ഷിതാക്കളെ ഏൽപ്പിക്കാൻ പാടുള്ളൂ. നിയമാനുസൃത രക്ഷിതാക്കൾ കുട്ടിയെ ഏറ്റെടുക്കാൻ തയ്യാറില്ലെങ്കിൽ ആ കാര്യം ജില്ലാ ചൈൽഡ് വെൽഫയർ കമ്മിറ്റിയെ അറിയിക്കേണ്ടതും കമ്മിറ്റിയുടെ ഉത്തരവനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്.

12. അമ്മക്കൊപ്പം 6 വയസ്സിൽ താഴെയുള്ള കുട്ടികളുണ്ടെങ്കിൽ ആ കാര്യം അമ്മമാരെ കോടതിയിൽ ഹാജരാക്കുമ്പോൾ റിമാൻറ് റിപ്പോർട്ടിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതും കോടതി ഉത്തരവിനനുസരിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

13. അമ്മയെ കോടതി റിമാൻറ് ചെയ്ത് ഉത്തരവാകുകയാണെങ്കിൽ കോടതി നൽകുന്ന റിസപ്ഷൻ ഓർഡറിൽ കുട്ടിയുടെ പേര് കൂടി ചേർത്തു എന്ന് അന്വേഷണ ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ എല്ലാ ഓഫീസ് മേധാവിമാരും അവരവരുടെ ഓഫീസിലെ എൻഫോഴ്സ്മെന്റ് ജോലി ചെയ്യുവാൻ ചുമതലപ്പെട്ട എല്ലാ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാർക്കും, പ്രിവന്റീവ് ഓഫീസർമാർക്കും സിവിൽ എക്സൈസ് ഓഫീസർമാർക്കും ബോധ്യപ്പെടുത്തികൊടുക്കേണ്ടതും ആയത് ജീവനക്കാർ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

S. AANANTHAKRISHNAN IPS
Signature valid
Digitally signed by Aananthakrishnan S
Date: 2021.07.2[illegible] 16:55 IST
Reason: Approved

**എക്സൈസ് കമ്മീഷണർ**

പകർപ്പ്:-

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെൻറ്)
2. ജോയിൻറ് എക്സൈസ് കമ്മീഷണർ (എല്ലാ മേഖലകളും)
3. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാ ഡിവിഷനുകളും).
4. അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെൻറ്)(എല്ലാ ഡിവിഷനുകളും).
5. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ (എല്ലാ സർക്കിൾ ഓഫീസുകളും)
6. എക്സൈസ് ഇൻസ്പെക്ടർ (എല്ലാ റെയ്ഞ്ച് ഓഫീസുകളും)
7. എക്സൈസ് കമ്മീഷണറുടെയും/അഡീഷണൽ എക്സൈസ് കമ്മീഷണറുടെയും സി.എ.മാർ.
8. ഉത്തരവ് ഫയൽ / കരുതൽ ഫയൽ